**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3227** **01-03-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | ദേശീയ വിദ്യാഭ്യാസ നയത്തിലെ പ്രതിലോമകരമായ ആശയങ്ങളെ പ്രതിരോധിക്കുന്നതിനും കേരളത്തിന്റെ പുരോഗമനപരമായ നിലപാടുകൾ നടപ്പിലാക്കുന്നതിനും അനുസരിച്ചുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിനാണ് കേരളം തീരുമാനിച്ചിട്ടുള്ളത്. കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വിപുലമായ ജനകീയ ചർച്ചകളാണ് നടത്തിയത്. സ്കൂൾതലം മുതൽ ജില്ലാതലം വരെ രൂപീകരിച്ച സംഘാടകസമിതികളുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കുട്ടികളുടേതായ പ്രത്യേക ചർച്ചകളും സംഘടിപ്പിച്ചിരുന്നു. 14 ജില്ലകളിലെയും ക്രോഡീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിവിധ മേഖലകളുടെ നിലപാട് രേഖകൾ തയ്യാറാക്കുന്നതിന് ഇത്തരത്തിൽ ക്രോഡീകരിച്ച പൊതുസമൂഹത്തിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സജീവമായി പരിഗണിച്ചിട്ടുണ്ട്. കുട്ടികളുടെ ചർച്ചയുടെ ഭാഗമായി ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കുട്ടികളുടെ പ്രതീക്ഷകളും ബി.ആർ.സി. തലത്തിൽ ക്രോഡീകരിച്ച് അവ എസ്.സി.ഇ.ആർ.റ്റി.-ക്ക് കൈമാറി. ഇത്തരത്തിൽ വിവിധ ബി.ആർ.സി.-കളിൽ നിന്നും ലഭിച്ച കുട്ടികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എസ്.സി.ഇ.ആർ.റ്റി.-യുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച ഡോക്കുമെന്റ് തയ്യാറായിട്ടുണ്ട്. |
| (ബി) | പരീക്ഷാകേന്ദ്രീകൃതം അല്ലാതെ അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിൽ | (ബി) | പഠിതാവിന്റെ നൈപുണികളും ശേഷികളും വികസിപ്പിച്ചുകൊണ്ടുള്ള അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് പ്രാധാന്യം നൽകുന്ന രീതിയിലാണ് |

| | | | |
|---|---|---|---|
| | പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | | പാഠ്യപദ്ധതി പരിഷ്കരിക്കുന്നത്, അത് കേവലം പരീക്ഷാകേന്ദ്രീകൃതമായിട്ടല്ല നടപ്പിലാക്കുന്നത്. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് ആവശ്യമായ വ്യക്തിഗത പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ പഠന അനുഭവങ്ങൾ ഒരുക്കുന്ന തരത്തിലാണ് പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുക. ക്ലാസ് മുറിയിൽ അദ്ധ്യാപകരുടെയും കുട്ടികളുടെയും സർഗാത്മകമായ സംവാദത്തിലൂടെയും ചർച്ചകളിലൂടെയും സംഘ പ്രവർത്തനത്തിലൂടെയും അറിവുകൾ നിർമ്മിക്കുക എന്ന പുരോഗമനപരമായ ആശയമാണ് കേരളം മുന്നോട്ടുവയ്ക്കുന്നത്. അതുകൊണ്ട് തന്നെ ക്ലാസ്സ് മുറിയിൽ നൽകുന്ന പ്രവർത്തനങ്ങൾ അറിവ് നിർമ്മാണ പ്രക്രിയയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്ന തരത്തിൽ ആയിരിക്കും പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക. |
| (സി) | തൊഴിലധിഷ്ഠിതമായി വിദ്യാഭ്യാസ സംവിധാനം ക്രമീകരിക്കാത്തത് മൂലം സംസ്ഥാനത്തെ വിദ്യാർത്ഥികൾ വിദേശ രാജ്യങ്ങളിൽ പഠനത്തിന് പോകുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പോരായ്മ പരിഹരിക്കുന്ന രീതിയിൽ പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള പോരായ്മകൾ കണക്കിലെടുത്തുകൊണ്ടുള്ള തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസമാണ് ലക്ഷ്യമാക്കുന്നത്. പഠിതാക്കളിൽ തൊഴിലാഭിമുഖ്യം, തൊഴിൽ മനോഭാവം തൊഴിൽ നൈപുണി എന്നിവ വികസിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രമാണ് സ്വീകരിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാഠ്യപദ്ധതിയിൽ ആനുപാതികമായ കുറവ് വരുത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |
| (ഡി) | തൊഴിലധിഷ്ഠിതമായി പ്രായോഗിക പരിശീലനം ലഭ്യമാക്കുന്ന രീതിയിൽ വിദ്യാഭ്യാസ സമ്പ്രദായത്തെ ക്രമീകരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആനുപാതികമായ കുറവ് വരുത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള പോരായ്മകൾ കണക്കിലെടുത്തുകൊണ്ടുള്ള തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസമാണ് ലക്ഷ്യമാക്കുന്നത്. പഠിതാക്കളിൽ തൊഴിലാഭിമുഖ്യം, തൊഴിൽ മനോഭാവം തൊഴിൽ നൈപുണി എന്നിവ വികസിപ്പിക്കുന്നതിനുള്ള രീതിശാസ്ത്രമാണ് സ്വീകരിക്കുന്നത്. പാഠ്യപദ്ധതി പരിഷ്കരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പാഠ്യപദ്ധതിയിൽ ആനുപാതികമായ കുറവ് വരുത്തുന്നത് ഉൾപ്പെടെയുള്ള പരിഷ്കരണ നടപടികളിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ